ആലപ്പുഴ ടൂറിസം സർക്യൂട്ട് പദ്ധതി

345(2814) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ടൂറിസം സർക്യൂട്ട് പദ്ധതിയിൽ ഉൾപ്പെട്ട വട്ടക്കായലിലെ ഹൗസ് ബോട്ട് ടെർമിനൽ നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ആലപ്പുഴ ടൂറിസം പദ്ധതിയിൽ പൂർത്തീകരിച്ചതും നടപ്പിലാക്കാനുള്ളതുമായ പദ്ധതികളും ഏതെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ആലപ്പുഴ ടൂറിസം സർക്യൂട്ട് പദ്ധതിയിൽ ഉൾപ്പെട്ട വട്ടക്കായൽ ഹൗസ് ബോട്ട് ടെർമിനലിന്റെ താഴെപ്പറയുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ടിക്കറ്റ് കൗണ്ടർ, കടകൾ, വുഡൻ ഡെക്, ആംഫി തിയേറ്റർ & സ്റ്റേജ്, പോലീസ് ബൂത്ത്, വ്യൂവിംഗ് ഡെക്, ലൈഫ് ഗാർഡുകളുടെ റൂം, റെയിൻ ഷെൽട്ടർ, ചേഞ്ച് റൂം, പമ്പ് റൂം, ആർ.ഒ. പ്ലാന്റ്, നടപ്പാത, സ്ക്രീൻ വാൾ, പ്ലാന്റർ ബോക്സ്, എ.റ്റി.എം., പാലം, Earth filling for land development.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

ആലപ്പുഴ ജില്ലയിൽ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ പ്രവർത്തനം

346(2815) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ആലപ്പുഴ ജില്ലയിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കി വരുന്നത് ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഏതൊക്കെ പൂർത്തീകരിച്ചുവെന്നും പൂർത്തീകരിക്കുവാനുള്ളവ ഏതൊക്കെയെന്നും വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അർത്തുങ്കൽ പള്ളിയോട് ചേർന്ന് ടോയ്ലെറ്റ് ബ്ലോക്ക്, പുങ്കാവ് പള്ളിയോട് ചേർന്ന് പിൽഗ്രിം ടൂറിസം, കൂപാസനം പൗരാണിക രംഗ കലാപീഠം സ്ഥാപനത്തിൽ കൾച്ചറൽ പ്രോഗ്രാം നടത്തുന്നതിനുള്ള ഓപ്പൺ എയർ ഓഡിറ്റോറിയം, ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം ചേർത്തല റെയിൽവേ സ്റ്റേഷന് എതിർവശം വിശ്രമകേന്ദ്രം, പല്ലന കുമാരകോടി Literary Tourism Development Project, ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം ഹരിപ്പാട് ബസ് സ്റ്റാൻഡിന് പടിഞ്ഞാറ് വശം വിശ്രമകേന്ദ്രം, ചുണ്ടൻവള്ളങ്ങളുടെയും വള്ളപ്പുരകളുടെയും നവീകരണത്തിന് Snake boat Tourism product Development Project, ഹരിപ്പാട് നെൽപ്പുരക്കടവിൽ നെൽപ്പുരക്കടവ് ഫാം ടൂറിസം പ്രോജക്ട്, ചെങ്ങന്നൂരിൽ പാണ്ടനാട് ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് പ്രോജക്ട് എന്നീ പദ്ധതികളും മെഗാ ടൂറിസം സർക്യൂട്ട് പ്രോജക്ടിന്റെ ഭാഗമായി ആലപ്പുഴയിൽ താഴെപ്പറയുന്ന പദ്ധതികളും നടപ്പിലാക്കിവരുന്നു.

അത്രക്കുറ്റി, തണ്ണീർമുക്കം, പള്ളാത്തുരുത്തി, നെടുമുടി, കഞ്ഞിപ്പാടം, കായംകുളം എന്നീവിടങ്ങളിലായി ഹൗസ് ബോട്ട് ടെർമിനലുകളുടെ നിർമ്മാണം, തോട്ടപ്പള്ളി ഹൗസ് ബോട്ട് ടെർമിനൽ നിർമ്മാണം, വട്ടക്കായൽ വെസ്റ്റ്, കരുമാടി, വിളക്കുമരം എന്നിവിടങ്ങളിൽ നൈറ്റ് ഹാൾട്ട് ടെർമിനലുകളുടെ നിർമ്മാണം, മെഗാ ടൂറിസം പദ്ധതിയിലെ മൈക്രോ ഡെസ്റ്റിനേഷൻ ഡവലപ്മെന്റ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വയ്യാങ്കര ചിറതഴപ്പ്, കതിരവട്ടം ചിറ എന്നിവിടങ്ങളിലെ ജോലികൾ, അർത്തുങ്കൽ, തോട്ടപ്പള്ളി ബീച്ച് എന്നിവിടങ്ങളിൽ ബീച്ച് ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ്, മെഗാടൂറിസം പദ്ധതിയിലെ ഫിനിഷിംഗ് പോയിന്റ് ടെർമിനൽ കോംപ്ലക്സ് നിർമ്മാണം, കനാൽ നവീകരണത്തിന്റെ ഭാഗമായി വാടക്കനാൽ, കൊമേഴ്യൽ കനാൽ, ലിങ്ക് കനാൽ ബ്യൂട്ടിഫിക്കേഷൻ എന്നിവ.

(ബി) പ്രസ്തുത പദ്ധതികളിൽ പുങ്കാവ് പള്ളിയോട് ചേർന്ന് പിൽഗ്രിം സെന്റർ നിർമ്മാണവും ചെങ്ങന്നൂരിലെ പാണ്ടനാട് ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് പ്രോജക്ടും പൂർത്തീകരിച്ച് ഉദ്ഘാടനത്തിന് സജ്ജമായിട്ടുണ്ട്. മറ്റു പദ്ധതികൾ നിർമ്മാണ പുരോഗതിയിലാണ്. ഫിനിഷിംഗ് പോയിന്റിലെ ടെർമിനൽ കോംപ്ലക്സ്, അർത്തുങ്കൽ ബീച്ചിൽ ചിൽഡ്രൻസ് പാർക്ക് നിർമ്മാണം എന്നിവ പൂർത്തിയായി. ആലപ്പുഴ മെഗാ ടൂറിസം സർക്യൂട്ട് പ്രോജക്ടിൽപ്പെട്ട മറ്റ് പ്രവൃത്തികൾ നിർമ്മാണ പുരോഗതിയിലാണ്.